# ഐശ്വര്യവും ദാരിദ്ര്യവും പരീക്ഷണമാണ്

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا، أَنَّ النَّبِيَّ ﷺ كَانَ يَدْعُو بِهَؤُلَاءِ الْكَلِمَاتِ: اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ فِتْنَةِ النَّارِ، وَعَذَابِ النَّارِ وَمِنْ شَرِّ الغِنى وَالْفَقْرِ (أبو داود)

ആഇശ(റ)യിൽ നിന്ന്: നബി(സ) ഈ വാക്യങ്ങൾ പ്രാർഥിക്കാറുണ്ടായിരുന്നു: "അല്ലാഹുവേ, തീ കൊണ്ട് പരീക്ഷിക്കപ്പെടുന്നതിൽ നിന്നും നരകശിക്ഷയിൽ നിന്നും, ഐശ്വര്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും തിന്മയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു" (അബൂദാവൂദ്).

ഐശ്വര്യവും ദാരിദ്ര്യവും മനുഷ്യ മനസ്സിനെ അങ്ങേയറ്റം സ്വാധീനിക്കും, ഒന്നുകിൽ ഗുണപരമായി, അല്ലെങ്കിൽ ഋണപരമായി. ദോഷകരമായി സ്വാധീനിക്കുന്നതിൽ നിന്നു രക്ഷതേടിയുള്ള പ്രാർഥനയാണ് തിരുദൂതർ ഇവിടെ നടത്തുന്നത്. ദാരിദ്ര്യം മനുഷ്യനെ നിരാശനാക്കും, അന്നം നേടാനുള്ള പ്രയത്നങ്ങളിൽ അവനെ ഒതുക്കും. ചിലപ്പോൾ അവന്റെ നിരാശ അതിന്റെ പാരമ്യതയിൽ സ്രഷ്ടാവിനോട് നന്ദി കേട് കാട്ടാൻ അവനെ പ്രേരിപ്പിക്കും. ഇബാദത്തുകൾ വ്യർഥമാണെന്ന തോന്നലുമുണ്ടാക്കും. എന്നാൽ, ഇന്നലെ തനിക്ക് ഐശ്വര്യം നൽകിയവൻ തന്നെയാണ് ഇന്ന് ദാരിദ്ര്യം നൽകുന്നതെന്നും, അവൻ എന്നെന്നും ജീവിക്കുന്നവനാണെന്നും, അവന്റ മേൽനോട്ടത്തിലാണ് താനെന്നും, തന്റെ നിലപാട് അല്ലാഹു പരീക്ഷിക്കുകയാണെന്നുമാണ് വിശ്വാസി തിരിച്ചറിയേണ്ടത്. തന്റെ ക്ഷമക്ക് പകരം അവൻ തനിക്കായി അനശ്വര സ്വർഗം ഒരുക്കി വെച്ചിരിക്കുന്നു എന്നും അവൻ ഗ്രഹിക്കുന്നു. അങ്ങനെ അവൻ പറയും: 'നാഥാ, ഏതവസ്ഥയിലും നിനക്ക് സ്തുതി.' അങ്ങനെ ആ വിഷമാവസ്ഥ അവന് പ്രയോജനകരമായി ഭവിക്കും. തിരുദൂതർ ദാരിദ്ര്യത്തെ തെരഞ്ഞെടുത്തതിനെ ഈ അർഥത്തിലാണ് വിശ്വാസി മനസ്സിലാക്കേണ്ടത്. തിർമിദി അബൂ ഉമാമയിൽ നിന്ന് നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "മക്കാ പ്രദേശം മുഴുക്കെ (സമ്പത്ത്) എനിക്കായി പ്രദർശിപ്പിക്കപ്പെട്ടു. ഞാൻ പറഞ്ഞു: നാഥാ, വേണ്ട ഞാൻ ഒരു ദിനം വയറു നിറയ്ക്കുകയും മറ്റൊരു ദിനം പട്ടിണി കിടക്കുകയും ചെയ്യാം (മൂന്ന് പ്രാവശ്യം). അങ്ങനെ വിശക്കുമ്പോൾ നിന്നെ ഭയപ്പെട്ട് നിന്നെ ഓർക്കാം, വയറ് നിറഞ്ഞാലോ, നിനക്ക് നന്ദിയോതി നിന്നെ സ്തുതിക്കാം" (തിർമിദി : 3970).

ഐശ്വര്യം ചിലപ്പോൾ മനുഷ്യനെ അഹങ്കാരിയാക്കും, ധിക്കാരിയാക്കും, മറ്റുള്ളവരെ നിസ്സാരമായിക്കാണുന്ന താൻപോരിമയും ഞാനെന്ന ഭാവവും മനസ്സിൽ നിറക്കും. ഇത് ഖാറൂനെപ്പോലെ 'എല്ലാം എന്റെ കഴിവിനാലാണ് നേടിയതെ'ന്ന ദൈവധിക്കാരത്തോളം എത്തിക്കും. അല്ലെങ്കിൽ സൂറഃ *അൽ കഹ്ഫി*ലെ തോട്ടക്കാരനെപ്പോലെ ബഹുദൈവ വിശ്വാസത്തിലേക്കും ഒടുവിൽ കൊടും നാശത്തിലേക്കും. ഐശ്വര്യം നൽകിയവൻ തന്നെ കണ്ടുകൊണ്ടിരിക്കുന്നുവെന്നും അവൻ അത് തിരിച്ചെടുക്കാനും കെൽപ്പുള്ളവനാണെന്നും വിശ്വാസി തിരിച്ചറിയും. ഈ ബോധം അവനെ വിനയാന്വിതനാക്കും. തന്നെ പരീക്ഷിക്കാനായി അവൻ നൽകിയ ഈ സമ്പത്തിൽ അവന്റെ അടിയാറുകളുടെ വിഹിതങ്ങളുണ്ടെന്നും ഈ പരീക്ഷണത്തിലെ വിജയമാണ് യഥാർഥ ഐശ്വര്യമെന്നും അവൻ മനസ്സിലാക്കും. പ്രാർഥനാ നിരതമായ അവന്റെ മനസ്സിൽ നിന്ന് സ്വദഖകൾ നിർഗമിക്കും. സഹാനുഭൂതിയുടെ, സാന്ത്വനത്തിന്റെ തെളിനീരുറവകൾ പൊട്ടിയൊഴുകും. ഉസ്മാനെ(റ)പ്പോലെ, അബ്ദുർറഹ്മാനുബ്നു ഔഫി(റ)നെപ്പോലെ.

മനുഷ്യനെ രൂപപ്പെടുത്തുന്നത് യഥാർഥത്തിൽ അവന്റെ ഐശ്വര്യമോ ദാരിദ്ര്യമോ അല്ല, അവന്റെ മനസ്സാണ്. അല്ലാഹു നോക്കുന്നതും മനസ്സിലേക്കാണ്. അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണല്ലോ പ്രതിഫലവും. തിർമിദിയുടെ നിവേദനം (നമ്പർ : 2247) അബൂ കബ്ശതുൽ അൻമാരി റസൂലിൽ നിന്ന് കേട്ടു. "കേൾക്കുക, ദുൻയാവിൽ നാലു തരം ആളുകളുണ്ട്, ഒരാൾക്ക് അല്ലാഹു സമ്പത്തും വിജ്ഞാനവും നൽകി. അയാൾ അതിൽ അല്ലാഹുവിനെ സൂക്ഷിക്കുന്നു, കുടുംബ ബന്ധം ചേർക്കുന്നു, അല്ലാഹു കൽപ്പിച്ച കടമകൾ നിർവഹിക്കുന്നു. അയാൾ ഉത്തമ സ്ഥാനത്താണ്. രണ്ടാമൻ, അല്ലാഹു അവന് വിജ്ഞാനം നൽകി. സമ്പത്ത് നൽകിയില്ല. പക്ഷേ നിഷ്കളങ്കമായ ഉദ്ദേശ്യത്തോടെ അയാൾ പറയുന്നു, എനിക്ക് സമ്പത്തുണ്ടായിരുന്നെങ്കിൽ ഞാൻ അവനെപ്പോലെ (പുണ്യ കർമങ്ങൾ) ചെയ്യുമായിരുന്നു. ആ ഉദ്ദേശ്യത്തിലിരിക്കുവോളം അവർ രണ്ടു പേരുടെയും പ്രതിഫലം തുല്യമാണ്. മറ്റൊരാൾ, അല്ലാഹു സമ്പത്ത് നൽകുകയും എന്നാൽ വിജ്ഞാനം നൽകിയിട്ടില്ലാത്തതുമായ മനുഷ്യനാണ്. വിവരമില്ലാതെ അയാൾ സമ്പത്ത് ധൂർത്തടിക്കുന്നു, കുടുംബ ബന്ധം ചേർക്കുന്നില്ല, അല്ലാഹുവിനോടുള്ള ബാധ്യതകൾ നിർവഹിക്കുന്നുമില്ല. ഏറ്റവും മ്ലേഛമായ പദവിയിലാണവൻ. നാലാമതൊരുവൻ അവന് അല്ലാഹു സമ്പത്തോ വിജ്ഞാനമോ നൽകാത്തവനാണ്. എന്നാൽ അവൻ പറയുന്നത് എനിക്ക് സമ്പത്തുണ്ടായിരുന്നെങ്കിൽ ഞാൻ ഇവനെപ്പോലെ (ധൂർത്ത്) ചെലവഴിക്കുമായിരുന്നു. ആ ഉദ്ദേശ്യത്തിൽ നിലനിൽക്കുവോളം രണ്ടു പേരുടെയും ശിക്ഷ ഒന്നു തന്നെ." ■